


# ..........!!..........??

കാറ്റ്, ചിലപ്പോൾ
ആഞ്ഞടിക്കും.
ചിലപ്പോഴത്
തഴുകി കടന്നുപോകും.

മഴ, ചിലപ്പോഴത്
പൂക്കളെ തളർത്തി
പൊഴിച്ചിടും.

മറ്റു ചിലപ്പോൾ
ചാറി, ചാറി
കുളിരണിയിക്കും.
പെയ്ത് തീർന്ന്, ഉറങ്ങിപ്പോകും
അവളും.

അങ്ങനെയാണത്രെ,
പെപ്സിക്കോളയ്ക്ക്മുലവന്നത്....!!

ബിനോയ്. ടി.സി.
രണ്ടാംവർഷ സാമ്പത്തികം

ഇന്നലെ തീർന്ന
അരിയുടെ കണക്കാണ്
അമ്മ പറയുന്നത്
ഞാനപ്പോഴും മറന്നുപോയ
പൈതഗോറസ് സിദ്ധാന്തങ്ങളെ
ചികഞ്ഞെടുക്കാനുള്ള ശ്രമത്തിലായിരുന്നു
കുഞ്ഞനുജത്തിയെ
ഒന്നു തിരിഞ്ഞു നോക്കി
തീർന്നുപോയ മഷിക്കുപ്പി നോക്കി
അവൾ കരയുന്നു.
എനിക്കും കരയണമായിരുന്നു
മറന്നുപോയ സിദ്ധാന്തങ്ങൾ
ഓർമ്മയുടെ അരികുകളിൽ പറ്റിപ്പിടിച്ചിരിക്കുന്നു
അമ്മ പരിഭവം തുടരുന്നു
പുതിയ തത്വമിവിടെ രൂപപ്പെടുന്നു.
ഞാൻ പഠിച്ച സിദ്ധാന്തങ്ങൾക്ക്
അമ്മയുടെ പരിഭവവും
കുഞ്ഞനുജത്തിയുടെ സങ്കടവും
നികത്താനാവില്ല....



# ആധുനിക തത്വം



ഹർഷിദ. എൻ
രണ്ടാം വർഷ മലയാളം



അരവിന്ദ്
രണ്ടാം വർഷ കമ്പ്യൂട്ടർ

ഞാൻ വലിച്ചു കളഞ്ഞ
ബീഡിക്കുറ്റികൾ
അവൾ മാറത്ത്
അടുക്കിപിടിച്ചു

ഞാനറിയാതെ തൂവിപ്പോയ
കൊഴുത്ത ചോരത്തുള്ളികൾ
അവൾ കണ്ണീരിലൊളിപ്പിച്ചു
എന്നിട്ടും
ഞാനവളെ സ്നേഹിച്ചില്ല
അവൾ ആത്മഹത്യ ചെയ്തു

പിന്നൊരിക്കൽ
നീ വലിച്ചെറിഞ്ഞ
ഇരുണ്ട മുല്ലപ്പൂകെട്ട്
ഞാൻ ഹൃദയത്തിൽ ചൂടി

നീ പൊട്ടിച്ചുകളഞ്ഞ
കരിവളപ്പൊട്ടുകൾ
ഞാൻ കരളിലൊളിപ്പിച്ചു
എന്നിട്ടും
അവളെന്നെ സ്നേഹിച്ചില്ല

പിന്നീട് പലവട്ടം
ഞാനെന്റെ സ്വപ്നങ്ങളിൽ
നിന്നെ ബലാൽകാരം ചെയ്തു കൊന്നു
എന്നിട്ടും മതിവരാതെ
നിന്നോടു പകപോക്കാൻ
ഞാനൊരുത്തിയെ സ്നേഹിക്കുന്നു

പക്ഷേ
നിന്നെ പ്രണയിച്ചത്രയും
പ്രണയിക്കാനാവുന്നില്ലെനിക്ക്

# ആത്മഹത്യചെയ്തവളെ ബലാൽക്കാരംചെയ്തു കൊന്നു!!



Jabeena Sidiq
M.A English

# CARELESS BEATS



Tears and tickles of laugh,
Are like the little raindrops.
Can collect,
When it rains.
And lost,
When it stops.
Can we store it for ever.....?


I can kill you
And love you
When I am in need of
Is the perfect privilege of true love.
Can we call him a martyr of love.....?

Illusion and fantacy
Hugged each other and
Covered the face of reality.
Reality- a vague vision for humanity.
If some one realises,
He too tells his heart-
Its not reality, just illusion.

All of us are in a worry,
To build up a branded product.
In this busy dusty atmosphere,
Have no time to cast our eyes upon others.
Glimpse and smile have-
The power of healing,
The strength of consolation,
The vigour of warmth.
Can we attain the eternal care.....?

Oyster in the home of present age;
Hardly have the wish to come out.
Do realise is a hard task,
And go in hand with it.
So the 'final solution' is
Keep murmur to our soul
Live for you or.....!

Jishad. M.K
Ist English



# I'm Gonna Die.....

I'm gonna die...
Everything left me
Everyone deserted me
I'm all alone
I'm gonna die...


No one talks to me
No one listen to me
No one has time to spend with me
I'm gonna die...

They don't want me
They don't love me
I'm a burden
So I'm gonna die...

Love is what I want
Love is what I need
Love is what I don't get
And surely I'm gonna...

Anees.K.M
Final English

# Is it an Oasis?




When the power failed
The fan gets silent.
Under the hot tranquility-
I thought;
Is it an Oasis?
Yes, I conformed.
The Oasis of love-
Imprudent thoughts-
Taught me to think it-
As a mirage.
I flee like an end-
I felt the black magic of Oasis!
But today I felt happy
Because;
For the lose;
I got one extra perception
A sixth one.....
You can call it a sixth sense
But.....
But.....
I lost that

ആയിശ

ഒന്നാം വർഷ സാമ്പത്തികം

# കറുത്ത സത്യങ്ങൾ



ഞാൻ പറയും
നിന്റെ മുഖം കള്ളമാണെന്ന്
നിന്റെ ചുണ്ടുകൾ ചുവന്നതൊരിക്കലും
ലജ്ജകൊണ്ടായിരുന്നില്ല,
അമർത്തിവെക്കപ്പെട്ട നൊമ്പരത്തിന്റെ
കനൽപൊട്ടുകൾ.
എന്നിട്ടും നീ ചിരിച്ചു
വിലയില്ലാത്ത ഒരു മിന്നൽപ്പിണർ
കണ്ണുകൾ കരിംകൂവളനിറമാർന്നത്
കരഞ്ഞിട്ടല്ലന്നെനിക്കറിയാം
കറുത്ത സത്യങ്ങൾ കണ്ടുകണ്ടായിരിക്കണം.

നീതു. ടി.കെ
രണ്ടാം വർഷ ഫിസിക്സ്

# മഴയുടെ നിറം ചുവപ്പാണ്



മഴ – അതൊരു സാധ്യതയാണ്
നിയതിയുടെ കരങ്ങൾക്കുമപ്പുറത്ത്
ചിലപ്പോൾ – ചെറുതായി – നോവിക്കാതെ
ഇളം കാറ്റുകൾക്കൊപ്പം
അഥവാ – മുടിയഴിച്ചിട്ട് – ഉലഞ്ഞാടി
പ്രളയത്തിന്റെ തുരുത്തുകളിലേയ്ക്കൊഴുകി
ഒടുവിൽ – ആയുസ്സുതീർന്ന നിളയുടെ മാറിൽ
തലതല്ലിക്കരഞ്ഞ് വെറുതെ.
മഴ അതൊരു പ്രതീകമാണ്
പ്രണയങ്ങൾ പൂത്തുലയുന്നത്.
മഴയുടെ ഇടവേളകളിലാണ്
നിലാവിൽ നേരിയ ചാറ്റൽമഴയത്ത്
എന്തെല്ലാം പറയുന്നതുപോലെ
കാല്പനികതയിൽ മഴപ്പെയ്യുമ്പോൾ
കവിതകളുടെ ഈയ്യാമ്പാറ്റകൾ പൊടിയാറുണ്ട്
പിന്നെ ഒരിറ്റുവെളിച്ചത്തിൽ
വീണു തകർന്ന് അങ്ങനെ...
പക്ഷേ – എപ്പോഴെങ്കിലുമൊരിക്കൽ
മഴ ചിതയാവാറുണ്ട്
കന്യകകൾ, അവരല്ലാതായിത്തീരുന്നതപ്പോഴാണ്
മഴ – അനുഗ്രഹമാണ്
പാപക്കറകൾ കഴുകിക്കളഞ്ഞ്
വിശുദ്ധിയുടെ മേലങ്കിയണിയിച്ച്
അത് കുടപിടിച്ചുകൊടുക്കും
സാധ്യതകളുടെ അനന്തതയിൽ
പ്രണയിനികൾ കരയുമ്പോൾ
മഴയുടെ നിറം ചുവപ്പാണ്
ചുവപ്പ് – അത് വിപ്ലവത്തിന്റേതാണെങ്കിൽപ്പോലും
മഴ – ഒരു സമസ്യയാണ്
ഒരിയ്ക്കലും പൂരിപ്പിക്കപ്പെടാതെ
യുഗാവസാനംവരെ.

രാകേഷ് എ.വി.
മൂന്നാം വർഷ സാമ്പത്തികം

# മൈക്രോ പ്രണയം

എന്റെ പ്രണയം
രണ്ടാം തരമെന്ന്
കളിയാക്കിയപ്പൊഴും
ഒരുനാൾ
നീർമാതളം കണക്കെ
നീയും പൂക്കുമെന്ന്
ഞാനാശിച്ചു

വിയർപ്പിന്റെ ഉപ്പുകൊണ്ട്
പ്രണയത്തിന് ചുകപ്പുപൂശി
നിന്നെയും കാത്തിരുന്ന
രാത്രികൾക്കുമൊടുവിൽ
എന്റെ പ്രണയം
വ്യഭിചരിച്ചുവെന്ന്
നീ ആക്ഷേപിച്ചു

ഒറ്റക്കിരിക്കാതെയും
മദ്യപിക്കാതെയും
നീ ലഹരിയായ്
പടർന്നു കയറിയപ്പോഴൊക്കെയും
നമ്മുടെ പ്രണയത്തെ



# ംയണപ്ര ക്യോദമരര



നീ കൊഞ്ഞനം കാണിച്ചു.


നിന്നെയൊളിക്കാതെ
പിൻതുടർന്നു
നിന്റെ മുടിയിഴ
പുസ്തകത്തിലൊളിപ്പിച്ചും
പ്രണയത്തോടു കൂറു
പുലർത്തിയപ്പൊഴും
പ്രണയത്തിന്റെ
കരിഞ്ചന്തക്കാരനെന്ന്
നീ വീളിച്ചു.

നീണ്ടു മെലിഞ്ഞ നിന്നെയും
നേർത്ത് നേർത്ത്
മാഞ്ഞുപോയ
പ്രണയത്തെയും
ആത്മാർത്ഥമായി
വെറുക്കുമ്പോഴും, പ്രിയേ
പറയരുതേ
പ്രണയം കള്ളമാണ്.


ജാഫർ ശരീഫ്
ഒന്നാം വർഷ സോഷ്യോളജി

# മൂവന്തി നേരത്തെ മഴക്കാഴ്ചകൾ

അങ്ങനെ
എവിടെ നിന്നോ
ഉരുണ്ടു കൂടിയ
കാർമേഘങ്ങൾ
സന്ധ്യയെ ഭീതിദമാക്കി
***
നിബിഡവനത്തിലെ
കറുത്ത സായന്തനത്തിലേക്ക്
മഴപെയ്തു തുടങ്ങി.
എന്റെ ഹൃദയത്തിലേക്കും
ഓ നിന്റെയും...
അവൾ അങ്ങനെയാണ്
നിനച്ചിരിക്കാതെ
കടന്നുവരുന്നു,
എല്ലാം കവർന്നെടുത്ത്
മാളത്തിലേക്ക് പിൻവാങ്ങുന്നു,
സുനാമിപോലെ.....
***
പണ്ട് കുട്ടിക്കാലത്ത്
മഴപെയ്ത് മുറ്റം
നിറഞ്ഞ് കവിഞ്ഞാൽ
പേജുകൾ പറിച്ചെടുത്ത്
കൊച്ചുകടലാസ് തോണിയൊഴുക്കിയിരുന്നു
മഴ തോർന്നാൽ അവ
നനഞ്ഞ് കുതിർന്ന്
എവിടെയെങ്കിലും അടിഞ്ഞ് കൂടും
രാത്രികാലത്ത് നീയെന്നെ
താരാട്ട് പാടിയുറക്കിയിരുന്നു
തീ കായാൻ വേണ്ടി
കൂട്ടിവെച്ച കരിയിലകൾ
നനച്ച്
നീ നിർവൃതി നേടിയിരുന്നു,
നിന്റെ പ്രലോഭനം കൊണ്ട്
നിന്നിലേക്ക് എടുത്ത് ചാടി
ഒടുക്കം പനിക്കിടക്കയിൽ
നിയെന്നെ ജാലകപ്പഴുതിലൂടെ
ഒളിഞ്ഞു നോക്കിയിരുന്നു.
നിനക്ക് എന്നോട്
സ്നേഹമാണ് അല്ലേ.....?
മഴപെയ്ത്
പാടങ്ങളൊക്കെ നിറഞ്ഞ് കവിഞ്ഞ
വൈകുന്നേരങ്ങൾ
നിന്റെ കണ്ണുകളെപ്പോലെ
മനോഹരമാണ്.
***
അതൊക്കെപണ്ട്
ഇന്ന് ഈ കലിയുഗത്തിൽ
സിച്ചിട്ടപോലെ



ഒരു നിമിഷത്തേക്ക്
എല്ലാം പൊട്ടിവീഴുന്നു
എല്ലാം മാറി
മഴയും
എന്തൊരു ചെയ്ഞ്ച് അല്ലേ ?
ജീവിതത്തിന്റെയും
മരണത്തിന്റെയും ട്രാക്കിൽ
എന്നെകയറ്റാതെ
ടിക്കറ്റ് മാത്രം കയറ്റി
തിരക്കിൽ നിന്ന്
തിരക്കിലേക്ക്
കുതിക്കുന്ന
ലിമിറ്റഡ് ബസ്സുകളെപ്പോലെ
ലിമിറ്റഡ് മഴകൾ
മഴയിൽ സ്വപ്നങ്ങൾക്ക്
നിറം കൊടുക്കാൻ



എന്തുരസം അല്ലേ...... ?
*****
അല്ലയോ
കറുത്ത സായന്തനമേ.....
ഇനി എന്നാണ് നീ
എന്റെ അടുക്കലേക്ക്
ഒരു ഘോര മഴയായ്
തിരിച്ചു വരിക....?
ഇവിടെ
എന്റെ ക്യാമ്പസിൽ
ഹൃദയങ്ങൾ
വിണ്ട് കീറിയിരിക്കുന്നു.




# MYSTERY STILL REMAINS...

Fetter and manacle tore the silence
She was so fickle that even the weakest noise
Could make her run with excitement.
A journey with her, through the woods,
was a strenuous one,
He knew it, but he has to go ahead.
Passionate hands, ferocious eyes..temptations--
"Hope she didn't see them,
If she had!?
What stopped her from running away?"
Still remains a mystery..
Fetter beats still behind!

Blood rushed to his face,
Light waxed in his eyes
Land of hopes!
Yes, the truth, the strength - he has been searching for-
But still he could hear the euphony of that fetter.
"Who is behind!?"
Still remains a mystery...!

Sithara Krishnakumar
II. B.A English




സക്കറിയ

എം.എ ഇംഗ്ലീഷ്

# നഷ്ടപ്പെട്ട പട്ടുതൂവാല

സഖിയൊരു ഷോപ്പിംഗ് കോപ്ലക്സ് പോലെ,


നീണ്ടു പരന്നു കിടന്നു.

വിൽക്കാനുണ്ടെല്ലാം/ നൽകാനുണ്ടെല്ലാം

എന്തുമെടുക്കാം, പക്ഷെ

പടിയിറങ്ങുന്നതിനു മുൻപ്

ബില്ലടച്ചിരിക്കണം, നിർബന്ധം.



# നിന്നെയറിയാതെ

ചീഞ്ഞളിഞ്ഞ പൂവിതളുകളിൽ
സൗന്ദര്യം കാണാനെന്നെ പഠിപ്പിച്ചതു
നീയായിരുന്നു.
ചിരിക്കുന്നവന്റെ ചുണ്ടിലൊളിച്ചിരിക്കുന്ന
പകയുടെ വിഷപ്പുകയാളിപ്പടരുന്നതും
സഹതപിച്ചെത്തുന്നവന്റെയുള്ളിൽ
നിറയുന്ന രൂക്ഷമാം പരിഹാസവുമെനിക്കു
കാണിച്ചു തന്നതു നീയായിരുന്നു.
പിന്നെ ഞാനറിയാത്തയോരോ
ചതിക്കുഴികളും നീ മൂടിത്തന്നു.
എന്റെയോരോ സ്വപ്നങ്ങളും
നിന്നാൽ സാക്ഷാത്കരിക്കപ്പെട്ടു.
ഒടുവിൽ നിന്റെ കരങ്ങളെന്റെ
കഴുത്തിനെ ലക്ഷ്യമാക്കി നീണ്ടടുത്തപ്പോൾ
ഒരു ചതിക്കുഴി മാത്രം നീയവശേഷിപ്പി
ച്ചിരുന്നെന്നു ഞാനറിഞ്ഞു.

ഹർഷിദ. എൻ
രണ്ടാം വർഷ മലയാളം

റുമാന. യു.കെ
രണ്ടാം വർഷ ഇംഗ്ലീഷ്

# ..പരദൂഷകൻ..

സ്വന്തം മനസിന്റെ
മാലിന്യങ്ങൾ
അളിഞ്ഞു നാറിയ
മണം വമിക്കുമ്പോൾ,
കുടിലതയുടെ
കറുപ്പു കാണുമ്പോൾ
ഞാൻ വാതിലുകൾ കൊട്ടിയടച്ച്,
ഇടുങ്ങിയ
ജനാലയുടെ
ഒറ്റപ്പാളിതുറന്ന്,
അയലത്തെപ്പെണ്ണിന്റെ
അഴിഞ്ഞുപോയ
സാരിയുടെ
സുതാര്യത നോക്കുന്നു.

നിരത്തിനപ്പുറം
നടന്നുപോവുന്ന
കൗമാരത്തിന്റെചടുലതയിൽ
രാവിന്റെ സീൽക്കാരം കേൾക്കുന്നു,
തെളിഞ്ഞ കണ്ണുകളിൽ
ചുളിഞ്ഞ ആർത്തി കാണുന്നു.
ആൾക്കൂട്ടത്തിലെ
മുറുമുറുക്കുന്നവന്റെ
കാതിൽ
ആയിരം വണ്ടുകളുടെ
മുരൾച്ച കണ്ടുപിടിക്കുന്നു.



ജനൽ ചാരി
തിരിഞ്ഞുനിൽക്കുമ്പോൾ
അഴുക്കുചാലുകളുടെ
വഴുവഴുപ്പ്
എന്നെ വിഹ്വലപ്പെടുത്തുന്നു.
അപ്പോഴൊക്കെയും
അന്യന്റെ മുഖത്തെ
വടുക്കൾ
എനിക്കു സാന്ത്വനം പകരുന്നു.
അങ്ങനെയാണ്
ഞാൻ
കറുത്തകണ്ണടകളുടെ
മാർക്കറ്റിങ്ങ് എക്സിക്യൂട്ടീവായത്.


സൗമ്യ. പി
ഒന്നാം വർഷ മലയാളം



# പ്രണയ മഴ

നിനയ്ക്കാത്ത നേരത്ത് വന്നണയും
പരിഭവം ചൊല്ലിപിണങ്ങിപോകും
മൗനമായി വീണ്ടും വന്നണയും
ഒരു മഴപോലെ എൻപ്രിയനും
കാത്തുകാത്തെത്രനിന്നുവെന്നോ
വന്നില്ല നീയെന്റെ മുന്നിൽ
ഇന്നുനീ വന്നതോഭ്രാന്തവാംവണ്ണം
എങ്കിലും ശാന്തമായി എന്റെ മുന്നിൽ
പരിഭവം ചൊല്ലി കനക്കും മുഖത്ത്
മധുരമായി ചുംബിക്കുവാനിന്നു തോന്നി.

Amrutha Karayil
III B.A English




People find stupid reasons,
To make their own life miserable;
They frown at unhappyness,
when happyness smile their way.

faith! They had lost it
in oneself and others;
Truth! they want to find it,

Without hard work.

Why? I ask myself,
And the one above;
why this life
understanding nothing?


I can hear them talk
to themselves about
all things expect love.

Hatered is there first word,
Jealosy the second;
Tell me then, how'll this world
live happily for a second?

I pity little creatures!
smaller than the smallest.
Made smaller each day
By narrow hateful thoughts

I pity them as I
pity myself; kind-
that feeling has died
in all of their minds.

Hope - lets them find
I pray - for if
they do, it might change
forever. Forever I pray.



# പുഴ, ചുഴി, മറ്റെന്തോ....???

ദിനേശൻ
എം.എസ്സി. സുവോളജി

ഏകാന്തപദയാത്രയിലറിയാതെ
കൊഴിഞ്ഞുപോയ സ്വസ്ഥത
സ്വയമറിയാതെ ഏറ്റുവാങ്ങിയ
ശാപങ്ങളുടെ വരണ്ട പുഞ്ചിരി
കര കവിഞ്ഞൊഴുകിയ കണ്ണുകൾ,
മലിനമെന്നുമാക്കവിൾത്തടം
സ്നേഹിച്ച പെണ്ണിന്റെ ജഢമേറ്റു
വാങ്ങിയ പുതിയ പുഴയുടെ ചുഴി
(അവളുടെ കുഞ്ഞിന്റെ കണ്ണിലെ മയക്കം)
പെണ്ണിന്റെ കണ്ണീരും സ്നേഹവും
കുലം കുത്തിയൊഴുകിയ പുതിയ പുഴ
(അവളൊഴുകട്ടെയെന്നും)
കൂടണയും മുമ്പേ ചിറകു
തളർന്ന് ചത്തുവീണ വിധി
(കാർക്കിച്ചുതുപ്പി കണ്ണിൽ)
വീണുനുറുങ്ങിയകന്ന
നിദ്രപോൽ വരണ്ടരാത്രി
(നിൻഗന്ധമെനിക്കപരിചിതം)
വറുതിവിളക്കൂതുന്ന ചെറു കൂര
വയറൊട്ടി മയങ്ങുന്ന പൈതങ്ങൾ
(തട്ടിയുണർത്തരുതവരെ)
വരാന്തയിൽ പുഴ
ജീവന്റെ ഞെരക്കവും മൂളലും
(വൈകൃത സംസ്കാരത്തിന്റെ സന്തതി)
കണ്ണുനീര് തട്ടിത്തെറിപ്പിക്കും
മനുഷ്യന്റെ തീരാ ദാഹം
(തലകുനിച്ച് യാത്ര തുടരുക)
എല്ലാം കണ്ട കണ്ണ് കൊഴിഞ്ഞുപോയ്
ഇനിയും ഉരുകിയമർന്നപോൽ കേൾവി പോയ്
വേടൻ ഞാൻ മലയിറങ്ങുന്നു
ഒഴിഞ്ഞ കൂടുമായ് കാട്ടിലേ
പുനർജനിതേടിയകലുന്നു
പവിത്രയാം പുഴതൻ തീരങ്ങളിൽ



# സാക്ഷി...


ചിതയിലെരിയുന്ന ചിന്തകൾ സാക്ഷി
ചിറകടിയിൽ ചിതറുന്ന തൂവലുകൾ സാക്ഷി
പുലരിയിൽ ഉയരുന്ന സൂര്യൻ സാക്ഷി
പാതിരയിൽ വിടരുന്ന പൂവ് സാക്ഷി
വേദനയിൽ പിടയുന്ന ഓർമ്മകൾ സാക്ഷി
വേനലിൽ വേവുന്ന ഇരവുകൾ സാക്ഷി
പുതുമഴയിൽ പുളയുന്ന ഭൂമി സാക്ഷി
പുതുനാമ്പ് വിടരുന്ന മോഹങ്ങൾ സാക്ഷി
സമയരഥചക്രത്തിൻ സാക്ഷി
നെഞ്ചിലെ ജീവന്റെ തുടിപ്പു സാക്ഷി
തിരകളടിക്കുന്ന മനസ്സു സാക്ഷി
ചിതലരിച്ചൊരാ പ്രത്യയശാസ്ത്രം സാക്ഷി
കഥകൾ പറയുന്ന ചരിത്രതാളുകൾ സാക്ഷി
കഴിഞ്ഞ കാല പ്രതാപങ്ങൾ സാക്ഷി
പിറവിയെടുക്കാത്ത ജന്മങ്ങൾ സാക്ഷി



സുബ്രഹ്മണ്യൻ
ഒന്നാംവർഷ സോഷ്യോളജി

# ...ഷകദഗ

പിറകിൽ മറഞ്ഞൊരാ പുരാണങ്ങൾ സാക്ഷി
അനന്തതയുടെ ആകാശവീഥികൾ സാക്ഷി
ആർത്തിരമ്പുന്ന ആഴി സാക്ഷി
ഏകാന്തതയുടെ ഭയാനത സാക്ഷി
സജീവതയുടെ സർഗാത്മകത സാക്ഷി
കാലപ്രവാഹത്തിന്റെ ഒഴുക്കു സാക്ഷി
വെളിച്ചം പകരുന്ന വിജ്ഞാന ശകലങ്ങൾ സാക്ഷി
ഇരുൾ പടരുന്ന എൻ കണ്ണുകളിൽ
മറവിയിൽ മറയുന്നെൻ ഓർമ്മകൾ
താളം പിഴക്കുന്നെൻ ഹൃദയമിടിപ്പിൽ
അറിയുന്നു ഞാനനുഭൂതിയായ്
കടന്നെത്തുന്ന മരണത്തിൻ
നേർത്ത തലോടൽ
സാക്ഷിയായ് ഞാനെന്നും ആത്മസാക്ഷി
സാക്ഷി പട്ടികയിൽ പ്രഥമ സാക്ഷി



# സ്വപ്നം മഴ നനയുന്നു


ജഫീന. കെ.പി
എം.എ ഹിസ്റ്ററി

മഴ നനഞ്ഞ മൺപുറ്റിനുള്ളിൽ
വാത്മീകിയെ കണ്ടില്ല,
ചിതലരിച്ച വേദപുസ്തകത്തിൻ
പുറം ചട്ടകളും
അഴുകിയ ജഡത്തിന്റെ
അടർന്നുപോയ കണ്ണുകളും മാത്രം.

തണുത്തുറയുന്ന കണ്ണുകളിൽ
മഴനനയുന്ന സ്വപ്നങ്ങൾ.

കറുത്ത മൗനത്തിൻ ആഴങ്ങളിൽ
നിറം മങ്ങിയ മഴവില്ലിന്,
രക്തത്തിൻ ചുവന്ന നാരുകൾ നൽകി.
സ്വപ്നത്തിൻ നീലിമയും
മോഹത്തിൻ ഹരിതവർണ്ണവും,
ഒടുവിൽ........
ഉടഞ്ഞ വാൽക്കണ്ണാടിത്തുണ്ടിൽ
ചിതറിയ വർണ്ണങ്ങൾ
മഴ... പെയ്തുകൊണ്ടിരുന്നു.

Kabeerali. P.
M.A. English



# TEMPTATION TEM

Darkness, coupled with solid fog,
put the dim moon in prison.
I was running through the woods,
Darkened with eerie night.
What dreadful sounds, where from?
Back or front? Oh! all around.
The shirt, torn by thorns,
Is wet with sweet and blood.

Tired to death, I strained to breathe,
But no stay, its still at my back.
Not a drop of time to waste.
The wind shut my ears tight.
Stoped a while at a labyrinth,
Confused; which path?
Right or left or straight?
But don't stay for long.

The rustling sounds of dried leaves?
In the back? No, in the front.
It looks as the same,
As long, as venomous, as bewitching.
But it's shining eyes show strangeness.
Yes, it's a new, a second guy


# TION TEMPTATION TEMPTATION

Then, where is he?
The subtlest beast of all the field.

Dead leaves cried at my back.
Turning to the back, I saw him nearing.
Bold and gentle in his movement,
And charming in his shining black.
Has he some enchanting power?
A mere gazing made me still.
Stopped at a distance,
He continued gazing.

Something crowling under the feet?
Looking down, I saw the third.
Turning to the right, the fourth,
To the left, the fifth.
All around I saw more and more
So don't count, you can't.

please...please show me no more,
No more of these narrow shapes.
I closed my eyes tight.
No use, my mind is always full of them.



Fasna.A
II. B.A English

# THE BEST AMONG 40




A room of strength 40
got a question
Each of them
Let out their ideas...
'mm', 'nn.....o'
answered the questioner.
A charming girl of 14
after some reckoning.
let out her little brain.

The questioner noticed her
ask her 'stand up' !
She slowly did it.
with a mind of fear.
Her passion instantly changed
with a face of joy.
by the appreciation of
her master.
He said "you got it, out of 40".

Little girl's mind high lightened
up and up and up.
touched the mighty sky.
swinged holding one star to another.
But some where she missed the hold
falls down and down and down to earth
retaining the normal stage.

Dr. Unneen Kutty Parengal
Commerce dept.



# to the athlete

For thee all the dawns
Clad in golden sunlight.
Thy wheat-hued countenance
Shines like a full-moon;
Thy thirsty, brilliant eyes
Twinkle in merriment.


When the silent, greeny meadows
Embrace thy princely foot-prints,
The balls of the silvery dew
Dance in slanting rays;
And the sweat on thy temple
Glitter like glassy pearls.

How beautous thou art
in yellow dawns!
Let all the moons
And the shining stars
Sleep at early mid-night
For the elegant rising sun.

Rumana.U.K
III B.A English

# TO THE KNIGHT OF A STOLID HEART

Life is full of frolics,
so far as I perceive your love,
My Lord, to all the tempests
that would have whirled me,
I stand still, not because
the tempest is not ruinous,
But your concern comforts
unfathomable your love is,
unfathomable, My Lord !
And I never, never can open out
my complete heart and gratitute
Accused guilty, hatred frothed,
I was forsaken and my passion too...
My virtues in vain, my yearnings in vain,
My sweetness in vain, my poor heart in vain,
Frantic, I rummaged in the dark,
And was raised to comfort of your hands.
Now, to the fullest of their meanings
My appeals are ! And the saturated heart
Whenever it reverberates,
Spills music of beauty and grace.



സോഫിയ മിന്നത്ത്
ഒന്നാം വർഷ ഫിസിക്സ്



# ഉറങ്ങാറായില്ലേ ഇനിയും ?

വരണ്ട കൺതടം കണ്ണുനീർ തേടുന്നു
തുളുമ്പിയുയരുന്ന തിരകൾ പേമാരിയായ്
ചിതറിയ സ്വപ്നങ്ങളിൽ ശോണിമ പടർന്നിരുന്നു
കൺതുറക്കവെ നോവും കാണാക്കാഴ്ചയായ്
ശൂന്യതയിൽ കോലം വരച്ചുവോ
ഉയർന്നു പൊങ്ങിയ ചവറും സ്വപ്നലോകവും ?
കോലങ്ങൾ പിന്നെയാട്ടം തുടങ്ങവെ
ഉഴറാൻ തുടങ്ങി ജന്മങ്ങളൊന്നാകെ.
പൊതിക്കെട്ടുകളിൽ ജീവിതമൊളിപ്പിച്ചു,
പിന്നെയാത്മാക്കളെത്തിരികെ വിളിച്ചൂ കണ്ണുനീർ,
പതറിത്തിരിയുന്ന നനുത്ത കൈത്തടം
അമ്മ മനസ്സിൻ വിങ്ങലായ്, വറ്റിയ മാറിടം പോൽ
വിറപൂണ്ടുപോയ് താരാട്ടുപോലും.
അർത്ഥ ശൂന്യതയിൽ കണ്ണുകളുടക്കുമ്പോൾ
പെയ്തുതോർന്ന മഴയേറെയും വറ്റിയിരുന്നു.
കൂടെ, ചോരകിനിയുന്ന കിനാക്കൂടാരവും മണ്ണായ്....
ഓർത്തെടുക്കവെ പൊയ്ക്കാഴ്ചകളെ
മനസ്സു പഴിക്കുന്നു,
ഉൺമയേറെയും കാണാതെപോയ്
രോദനങ്ങളിൽ ഒറ്റയായ പാദുകം
പൊടിഞ്ഞ വളപ്പൊട്ടിനെയാർദ്രതയിൽ പൊതിഞ്ഞൂ....
നീണ്ടുവരുന്ന കൈത്തലങ്ങളിൽ പറയാൻ മറന്ന
ആശ്വാസത്തുട്ടുകൾ ജീവിതം തീർക്കുന്നു.
സ്വച്ഛതയേറിയ സ്വപ്നങ്ങളെനിക്കാകാശം
തീർക്കവെ, പൊടിഞ്ഞുതുടങ്ങീ മഞ്ഞുമഴ
എന്റെ കിനാവിന്റെ കൂടാരങ്ങളിൽ
കറുപ്പ് പടരാതിരിക്കാൻ
കാഴ്ചകൾ ശൂന്യതയാവട്ടെ
മനസ്സിൽ തുടിയുയർത്തുന്ന ഇന്നലെയുടെ ശബ്ദങ്ങൾ
ഞാൻ മറവിയിൽ പൊതിയട്ടെ
എന്റെയാത്മാവിന്റെ നേർത്ത താരാട്ടിൽ
ഞാൻ മയങ്ങട്ടെ
പെയ്തുതീരാത്ത മഴ
എങ്ങു നിന്നോ വരുന്നുണ്ടാവാം......

ബാബു
ഒന്നാം വർഷ വാണിജ്യം

# വീണ്ടും പുലർച്ച

ഒരിക്കൽ
നീലനിറമുള്ള സായാഹ്നം
താഴ്ന്നുപറക്കുന്ന നിലാവുകണക്കേ
ഇളം നീല സായന്തനം

പിന്നൊരിക്കൽ
കറുപ്പുനിറമുള്ള മൂവന്തി
ഏകാന്ത വിരസത കണക്കേ
ഭയപ്പെടുത്തുന്ന സായന്തനം

വേറൊരിക്കൽ
ചുവപ്പുനിറമുള്ള സന്ധ്യ
ഭ്രാന്തനായ വിശപ്പിന്റെ കണ്ണുകണക്കേ
രക്തലഹരിയുള്ള സായന്തനം

അനന്തരം രാത്രി
നിലാവുള്ള രാത്രി
കൂരിരുട്ടുള്ള രാത്രി
പിന്നെ പുലർച്ച
പുതിയ പ്രഭാതം

